"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഇലക്ഷൻ (ജനറൽ) വകുപ്പ്

നമ്പർ. EL4/43/2022/ELEC 27-04-2022,തിരുവനന്തപുരം

മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ & സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ (ജില്ലാ കളക്ടർ) മാർക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (തഹസിൽദാർ) മാർക്കും
(അതത് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ മുഖേന )

സർ,

വിഷയം:- വിഷയം- ബൂത്ത് ലെവൽ ഓഫീസർമാരുടെ നിയമനം-അപേക്ഷ ക്ഷണിക്കുന്നത്-ഓൺലൈൻ രജിസ്ട്രേഷൻ വഴി ഡാറ്റാബാങ്ക്-സംബന്ധിച്ച്

സൂചന:- 28.02.2022 ലെ EL2/42/2022/ELEC നം. പരിപത്രം

പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ യജ്ഞം 2022 (SSR-2022) ന്റെ ഭാഗമായി ഇലക്ടറൽ ഫോട്ടോ ഐഡന്റിറ്റി കാർഡ് ( EPIC) അച്ചടിക്കായി തയ്യാറാക്കുന്ന അവസരത്തിൽ നിരവധി തെറ്റുകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ട്. വോട്ടർപട്ടികയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കാണിക്കുന്ന അലംഭാവം ഒരുതരത്തിലും ന്യായീകരിക്കത്തക്കതല്ല. വോട്ടർപട്ടികയുടെ പരിശുദ്ധി ഉറപ്പാക്കുന്നതിന് ബൂത്ത് ലെവൽ ഓഫീസർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. മാന്വൽ ഓൺ ഇലക്ടറൽ റോൾ അനുശാസിക്കും പ്രകാരം ബൂത്ത് ലെവൽ ഓഫീസർമാരുടെ പ്രകടനം വിലയിരുത്തി മോശം പ്രകടനം നടത്തുന്നവരെ ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പകരം ആളിനെ ബൂത്ത് ലെവൽ ഓഫീസർമാരായി നിയമിക്കുന്നതിന് ലഭിക്കാത്ത സാഹചര്യമാണുള്ളതെന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പരാതിപ്പെടുന്നുണ്ട്. അതുമൂലം പലപ്പോഴും വോട്ടർ പട്ടികയുടെ പരിശുദ്ധി നിലനിർത്തുന്നതിന് അതേ അർത്ഥത്തിൽ കഴിയാതെ വരുന്നു. പെൻഡൻസി

തീർപ്പാക്കുന്നതിലും കൃത്യത നിലനിർത്തുന്നതിലും വിട്ടുവീഴ്ച ചെയ്യേണ്ടിവരുന്ന സാഹചര്യമുണ്ടായി.

തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രവർത്തനങ്ങൾ മിക്കതും സാങ്കേതിക വിദ്യയിലധിഷ്ഠിതമായി കഴിഞ്ഞു. ഇത്തരം ഐടി അധിഷ്ഠിത പ്രവർത്തനം ഏറ്റെടുക്കുന്നതിൽ ചില ബൂത്ത് ലെവൽ ഓഫീസർമാർക്കെങ്കിലും പരിമിതിയുള്ളതായും ഇ.ആർ.ഒ.മാർ പരാതിപ്പെടുന്ന സ്ഥിതിയുണ്ട്. ബൂത്ത് ലെവൽ ഓഫീസർമാരായി പ്രവർത്തിക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥരുടെ അഭാവം വോട്ടർപട്ടികയുടെ കൃത്യത ഉറപ്പാക്കുന്നതിൽ തടസ്സമാകുന്നുണ്ട്. സർക്കാർ ജീവനക്കാരുടെ അഭാവത്തിൽ മാത്രം മറ്റ് ജീവനക്കാരെ പരിഗണിച്ചാൽ മതിയെന്ന് തന്നെയാണ് കമ്മീഷനും വിഭാവനം ചെയ്യുന്നത്. പത്ത് വർഷങ്ങൾക്ക് മുൻപാണ് ബൂത്ത് ലെവൽ ഓഫീസർമാരുടെ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചത്.

മേൽസാഹചര്യം പരിഗണിച്ച് നിയമസഭാ നിയോജക മണ്ഡലത്തിലെ പോളിംഗ് സ്റ്റേഷൻ അടിസ്ഥാനത്തിൽ ബൂത്ത് ലെവൽ ഓഫീസർമാരായി പ്രവർത്തിക്കാൻ താത്പ്പര്യമുള്ള നോൺഗസറ്റഡ് വിഭാഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാരുടെ ഒരു ഡാറ്റാബാങ്ക് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡാറ്റാബാങ്കിൽ നിന്ന് അനുയോജ്യരായവരെ യഥാസമയം നിയമിക്കുന്നതിന് അതത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് കഴിയും.

ബൂത്ത് ലെവൽ ഓഫീസർമാർ ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനെ ഏറ്റവും താഴെത്തട്ടിൽ പ്രതിനിധീകരിക്കുന്നവരാണ്. ജനാധിപത്യ പ്രക്രിയയിൽ വോട്ടർപട്ടികയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വളരെ പ്രാധാന്യമുണ്ട്. അതുകൊണ്ട് തന്നെ മുഴുവൻ സമയ ചുമതലക്കാരല്ലെങ്കിലും ബൂത്ത് ലെവൽ ഓഫീസർമാരുടെ ജോലി പ്രധാനപ്പെട്ടതാണ്. ജനപ്രാതിനിധ്യ നിയമം,1950 സെക്ഷൻ 13 CC അനുസരിച്ച് ബൂത്ത് ലെവൽ ഓഫീസർമാരുടെ ചുമതല നിർവ്വഹിക്കുന്ന കാലത്തോളം, വോട്ടർപട്ടികയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന മറ്റേതൊരാളെ പോലെയും ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഡെപ്യൂട്ടേഷനിലായിരിക്കും ബി.എൽ.ഒ.മാർ. സർക്കാർ ജീവനക്കാരായ ബി.എൽ.ഒ.മാരുടെ മാതൃവകുപ്പിലെ സ്ഥലംമാറ്റമുൾപ്പെടെയുള്ള കാര്യങ്ങളിൽ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട വകുപ്പ് മുൻകൂട്ടി അറിയിച്ചിരിക്കണമെന്ന് കമ്മീഷൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തിരഞ്ഞെടുപ്പ് ദിനത്തിലും തന്റെ സ്വന്തം പോളിംഗ് സ്റ്റേഷൻ കേന്ദ്രീകരിച്ച് തിരഞ്ഞെടുപ്പ് ചുമതല നിർവ്വഹിക്കുവാനുള്ള അവസരമാണ് സർക്കാർ ജീവനക്കാരായ ബി.എൽ.ഒ.മാർക്ക് ലഭിക്കുന്നത്. സ്വന്തം പ്രദേശത്ത് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രതിനിധിയായി മഹത്തായ ജനാധിപത്യ പ്രക്രിയയിൽ പങ്കാളിയാകാനുള്ള അവസരം സർക്കാർ ജീവനക്കാർക്ക് പ്രയോജനപ്പെടുത്താൻ കഴിയണം. അതുവഴി വോട്ടർ പട്ടികയുടെ ഗുണ നിലവാരവും പരിശുദ്ധിയും ഉറപ്പാക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

<u>നിയമന രീതി</u>

സർക്കാർ ജീവനക്കാർ താൻ വോട്ടറായുള്ള പോളിംഗ് സ്റ്റേഷനിൽ ബൂത്ത് ലെവൽ ഓഫീസറായി പ്രവർത്തിക്കുന്നതിന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ (www.ceo.kerala.gov.in/bloRegistration.html) ഓൺലൈനായി EPIC നമ്പർ ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കുന്നു. അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന രസീത് പ്രിന്റ് ചെയ്തെടുത്ത് അപേക്ഷകൻ സൂക്ഷിക്കേണ്ടതാണ്. എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും ലോഗിൻ ക്രഡൻഷ്യൽസ് ഉണ്ട്. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ലോഗിൻ ചെയ്യുമ്പോൾ തങ്ങളുടെ നിയമസഭാ നിയോജക മണ്ഡലത്തിലെ പോളിംഗ് സ്റ്റേഷൻ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ കാണാൻ കഴിയും. അപേക്ഷകൾ പരിശോധിച്ച് സ്വീകരിക്കാനും നിരാകരിക്കാനും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് കഴിയും. അതിന് ശേഷം അനുയോജ്യരായവരെ ബൂത്ത് ലെവൽ ഓഫീസർമാരായി നിയമിക്കുന്നതിന് അപേക്ഷകരെ രസീതും പാസ്പോർട്ട് സൈസ് ഫോട്ടോയുമായി  ഒദ്യോഗിക തിരിച്ചറിയൽ കാർഡ് സഹിതം നേരിട്ടെത്താൻ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ആവശ്യപ്പെടുന്നു. തുടർന്ന് നിയമന ഉത്തരവും ഐഡി കാർഡും ഇതിൽ നിന്ന് തന്നെ ഡൌൺലോഡ് ചെയ്ത്  പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുടെ കൌണ്ടർ സൈനോട് കൂടി അപേക്ഷകന് നൽകുന്നു. നിയമന ഉത്തരവിൽ (ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ പ്രൊസീഡിങ്സിൽ) ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ പേര്, ബന്ധപ്പെട്ട ഫയൽ നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.  തിയതി പ്രൊസീഡിങ്സിൽ തന്നെ ജനറേറ്റ് ചെയ്യുന്നതാണ്. എല്ലാ നിയമന ഉത്തരവിന്റെ പകർപ്പും സ്വീകരിച്ചതോ നിരാകരിച്ചതോ ആയ അപേക്ഷയുടെ പകർപ്പും ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ഒഴിവ് വരുന്ന മുറക്ക് ഡാറ്റാബാങ്കിൽ നിന്ന് അടുത്തയാളിന് നിയമനം നൽകണം. ഇതിനാവശ്യമായ  മാറ്റം  സി.ഇ.ഒ.വെബ്സൈറ്റിൽ  വരുത്തിയിട്ടുണ്ട്.

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രവർത്തനങ്ങൾ മിക്കതും സാങ്കേതിക വിദ്യയിലധിഷ്ഠിതമായതിനാൽ അപേക്ഷകർ ആൻഡ്രോയിഡ് ഫോൺ സ്വന്തമായുള്ളവരും കമ്മീഷന്റെ വിവിധ ആപ്പുകൾ കൈകാര്യം ചെയ്യുവാൻ കഴിവുള്ളവരുമാകണം. വർഷത്തിൽ 7200 രൂപ ഫോൺ ചാർജ്ജുൾപ്പെടെ ഹോണറേറിയം ലഭിക്കും. (ഹോണറേറിയം-6000 രൂപ, ഫോൺ  ചാർജ്ജ്-1200 രൂപ) . ഫോം വെരിഫിക്കേഷന്  ഫോമിന് 4 രൂപ നിരക്കിലും തിരഞ്ഞെടുപ്പ് വകുപ്പുമായി ബന്ധപ്പെട്ട മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് 100 രൂപ നിരക്കിലും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

അപേക്ഷിക്കേണ്ട അവസാന തീയതി-20.05.2022

താഴെപ്പറയുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവർ അപേക്ഷിക്കേണ്ടതില്ല.

1. ഗസറ്റഡ് ജീവനക്കാർ

2.അവശ്യസർവ്വീസുകളായ വകുപ്പുകളിലെ ജീവനക്കാർ (ആരോഗ്യം, ഗതാഗതം)

3.സുരക്ഷാ വിഭാഗങ്ങളായ വകുപ്പുകളിലെ ജീവനക്കാർ (പോലീസ്, ഫയർഫോഴ്സ്, എക്സൈസ്, വനം-വന്യജീവി)

4. പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളായ വകുപ്പ്/ സ്ഥാപനത്തിലെ ജീവനക്കാർ (കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. തുടങ്ങിയവ)

5. അർദ്ധ സർക്കാർ/ പൊതുമേഖല/ കമ്പനി/ ബോർഡ്/ കോർപ്പറേഷൻ/ ധനകാര്യ/ ബാങ്കിംഗ്/ ജുഡീഷ്യൽ ജീവനക്കാർ

6. വിരമിച്ച ജീവനക്കാർ

വിവിധ കാരണങ്ങളാൽ ബൂത്ത് ലെവൽ ഓഫീസർമാരുടെ ചുമതലയിൽ നിന്ന് നേരത്തെ ഒഴിവാക്കപ്പെട്ടവരും, തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ നിന്ന് മാറ്റി നിർത്തപ്പെട്ടവരും അപേക്ഷിക്കേണ്ടതില്ല.

നിലവിൽ ബൂത്ത് ലെവൽ ഓഫീസർമാരായി പ്രവർത്തിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല. അതത് ഇ.ആർ.ഒ.മാർ നിലവിലുള്ള ബൂത്ത് ലെവൽ ഓഫീസർമാരുടെ വിവരങ്ങൾ അനുബന്ധം ആയി ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫോർമാറ്റ് പ്രകാരം അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കേണ്ടതും ഇതുസംബന്ധിച്ച നടപടി റിപ്പോർട്ട് അതത് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർക്ക് രണ്ടാഴ്ചക്കകം സമർപ്പിക്കേണ്ടതുമാണ്. ഒഴിവുകൾ നികത്തുമ്പോൾ യഥാസമയം രജിസ്റ്റർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

സർക്കാർ ജീവനക്കാർക്കിടയിൽ, ബൂത്ത് ലെവൽ ഓഫീസർമാരുടെ സമൂഹത്തിലെ പ്രാധാന്യം, നിയമനം എന്നിവയിൽ അവബോധമുണ്ടാക്കേണ്ടതുണ്ട്. പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുടെ സോഷ്യൽ മീഡിയ, വെബ്സൈറ്റ് വഴിയും സ്വീപ്പ് ആക്ടിവിറ്റിയുടെ ഭാഗമായും തന്റെ പോളിംഗ് സ്റ്റേഷൻ പരിധിയിൽ സർക്കാർ ജീവനക്കാർക്ക് ബൂത്ത് ലെവൽ ഓഫീസർമാരായി പ്രവർത്തിക്കുന്നതിന് അവസരമുള്ളതായും, ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഭാഗമായി അടിസ്ഥാന തലത്തിൽ പ്രവർത്തിക്കാനുള്ള അവസരം വിനിയോഗിക്കണമെന്നും അപേക്ഷിക്കേണ്ട രീതിയും യോഗ്യതയുമുൾപ്പെടെ വിശദമാക്കിക്കൊണ്ട് വ്യാപകമായി പരസ്യ പ്രചരണം നടത്തേണ്ടതാണ്. ഇതേ മാതൃകയിൽ

താലൂക്ക്- നിയമസഭാ നിയോജക മണ്ഡല/ വില്ലേജ് തലത്തിലും ഉദ്യോഗസ്ഥരുടെ സോഷ്യൽ മീഡിയ കൂട്ടായ്മകളിലും പ്രചരണം നടത്തണം. ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ ഇക്കാര്യത്തിൽ ആക്ഷൻ പ്ലാൻ രൂപീകരിച്ച് ജില്ലയിലെ സർക്കാർ വകുപ്പുകളിലെ ജീവനക്കാരെ പരമാവധി ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കണം. ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ചും പ്രചരണം നടത്തേണ്ടതാണ്. ജില്ലാ കളക്ടറേറ്റ്/ താലൂക്ക് ഓഫീസുകൾ/ വില്ലേജ് ഓഫീസുകൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ അപേക്ഷിക്കാൻ യോഗ്യരായവർ പ്രവർത്തിയെടുക്കുന്ന എല്ലാ സർക്കാർ വകുപ്പുകളുടെ ഓഫീസുകളിലും നോട്ടീസ് ബോർഡിൽ ഇത് സംബന്ധിച്ച അറിയിപ്പുകൾ പതിക്കേണ്ടതാണ്. എല്ലാ ജില്ലാ താലൂക്ക് തിരഞ്ഞെടുപ്പ് വിഭാഗങ്ങളും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

കൃഷ്ണദാസൻ പി
JOINT SECRETARY & JOINT CHIEF ELECTORAL OFFICER
മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ & സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

**Signed by Shivlal R V**
**Date: 27-04-2022 15:20:02**

സെക്ഷൻ ഓഫീസർ.

# BLO DETAILS

-

Name of District .....................

No&Name of LAC ...................

| Sl No. | Name of PS | Name of BLO | Designation | Office Address & office phone number | Permanent Address | Mob No. | Working in Govt. Department (Y/N) | Working in Semi Govt./PSU/ Company/Board/ Corporation/ Anganwadi/Others (Specify) |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |